**No. CEE4600/2019/KEAM-2020/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM- 2020

## എം.ബി.ബി.എസ് കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ് ഓപ്ഷനുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാനവസരം

2020–21 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ് കോഴ്സിന്റെ രണ്ടാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുവരുന്ന സീറ്റുകളിലേയ്ക്ക് കോവിഡ്–19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ മോപ്–അപ്പ് കൗൺസലിംഗ് ഓൺലൈനായി നടത്തുന്നതാണ്. ഇതിലേക്കായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് **12.12.2020** മുതൽ **16.12.2020** രാവിലെ **10.00** മണി വരെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. അഖിലേന്ത്യാ കൗൺസലിംഗിലൂടെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഓൺലൈൻ മോപ്–അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല. ഓൺലൈൻ മോപ്–അപ്പ് കൗൺസിലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'Mop-Up Option Registration' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **12.12.2020** മുതൽ **16.12.2020** രാവിലെ **10.00** മണി വരെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. മോപ് അപ് അലോട്ട്മെന്റിലൂടെ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് പ്രകാരം എം.ബി.ബി.എസ് കോഴ്സിൽ നിലവിൽ അഡ്മിഷനുള്ള വിദ്യാർത്ഥിക്ക് മോപ് അപ് കൗൺസിലിംഗിലൂടെ പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം നിലവിലുള്ള എം.ബി.ബി.എസ് അഡ്മിഷൻ റദ്ദാകുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ മാത്രം ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

രണ്ടാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുവരുന്ന സീറ്റുകളുടെയും അനുവദനീയമായ കോളേജ് മാറ്റം മൂലമുണ്ടാകുന്ന ഒഴിവുകളുടേയും 5 മടങ്ങ് എണ്ണം വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടേയും, റിസർവേഷൻ മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി തെരഞ്ഞെടുക്കുന്നതാണ്. സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാകുന്നതിനായി വിദ്യാർത്ഥികൾ സൗകര്യപ്രദമായ ഒരു ജില്ലാ കേന്ദ്രം ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് തെരഞ്ഞെടുക്കേണ്ടതാണ്. ജില്ലാകേന്ദ്രങ്ങളിൽ പിന്നീട് മാറ്റം അനുവദനീയമല്ല. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ നിലവിൽ അഡ്മിഷനിലിരിക്കുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ഹാജരാകേണ്ടതില്ല. എന്നാൽ അവർക്ക് അലോട്ട്മെന്റ് ലഭിച്ചാൽ റ്റി.സി, അസ്സൽ സർട്ടിഫിക്കറ്റുകൾ, ഫീസ് ഒടുക്കേണ്ടതുണ്ടെങ്കിൽ ആയതിന്റെ രസീത്, എന്നിവ സഹിതം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷനായി ഹാജരാകേണ്ടതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ മോപ് അപ് രജിസ്ട്രേഷൻ ഫീസ്, (ഉണ്ടെങ്കിൽ) നിർദ്ദിഷ്ട തീയതിക്ക് മുൻപേ തന്നെ അടയ്ക്കേണ്ടതാണ്.

മേൽ പറഞ്ഞ പ്രകാരം സർട്ടിഫിക്കറ്റ് വെരിഫിക്കേഷനായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അതിനുള്ള അറിയിപ്പ് 17.12.2020 മുതൽ പോർട്ടലിൽ ലഭ്യമാകുന്നതാണ്. രജിസ്ട്രേഷൻ ഫീസിനത്തിൽ തുക അടയ്ക്കാനുള്ള വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരിക്കുന്ന തുക ഓൺലൈനായോ പോസ്റ്റ് ഓഫീസ് മുഖാന്തിരമോ 18.12.2020, **വൈകിട്ട്** 4.00 മണിക്ക് മുമ്പായി ഒടുക്കേണ്ടതാണ്. വിദ്യാർത്ഥിക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് അടച്ചു കഴിഞ്ഞാൽ മാത്രമേ Certificate verification Notice വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാൻ സാധിക്കുകയുള്ളൂ. ഈ നോട്ടീസും ആവശ്യമായ സർട്ടിഫിക്കറ്റുകളുമായി വേണം വിദ്യാർത്ഥി സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് നിർദ്ദേശിച്ചിരിക്കുന്ന കേന്ദ്രത്തിൽ നിർദ്ദിഷ്ട സമയത്ത് ഹാജരായി സർട്ടിഫിക്കറ്റ് പരിശോധന പൂർത്തീകരിക്കേണ്ടത്. ഇപ്രകാരം സർട്ടിഫിക്കറ്റ് പരിശോധന വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികളെ മാത്രം ഉൾപ്പെടുത്തിയായിരിക്കും 20.12.2020 ന് മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്. മോപ് അപ് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 21.12.2020 മുതൽ 24.12.2020, 4.00 മണി വരെ അതാത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

## മോപ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ

- അഖിലേന്ത്യാ കൗൺസലിംഗിലൂടെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഓൺലൈൻ മോപ്-അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല.
- ഒരു സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അതുപോലെ ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല.
- സ്വാശ്രയ മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ചവർക്ക് സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കും, സർക്കാർ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കും മാറ്റം അനുവദനീയമാണ്.
- ഒരു സ്വാശ്രയ കോളേജിലെ എൻ.ആർ.ഐ സീറ്റിൽ നിന്നും അതേ കോളേജിലെയോ മറ്റു സ്വാശ്രയ കോളേജിലെയോ, ഗവൺമെന്റ് /മൈനോറിറ്റി സീറ്റിലേയ്ക്ക് മാറ്റം അനുവദനീയമാണ്.

## അലോട്ട്മെന്റ് ഷെഡ്യൂൾ

| | |
|---|---|
| **12.12.2020** | ഓൺലൈൻ മോപ് അപ് കൗൺസിലിംഗിന് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് സജ്ജമാകുന്നു. |
| **16.12.2020** (രാവിലെ 10.00 മണി) | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **17.12.2020** | സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. |
| **17.12.2020** മുതൽ **18.12.2020** വരെ | സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഫീസ് ഒടുക്കാൻ അവസരം. Certificate verification Notice ഡൗൺലോഡ് ചെയ്യാനവസരം |
| **19.12.2020** | സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വച്ച് നടക്കുന്ന സർട്ടഫിക്കറ്റ് വെരിഫിക്കേഷന് വിദ്യാർത്ഥികൾക്ക് ഹാജരാകാനുള്ള സമയം. |
| **20.12.2020** | മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| **21.12.2020 മുതൽ 24.12.2020,** വൈകുന്നേരം **4.00** മണി വരെ | അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് (ബാധകമെങ്കിൽ) ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം |

### മോപ് അപ് രജിസ്ട്രേഷൻ ഫീസ്

- മോപ് അപ് കൗൺസിലിംഗിന്റെ രജിസ്ട്രേഷൻ ഫീസ് **26,260/-**രൂപയാണ് .
- നിലവിൽ എം.ബി.ബി.എസ് കോഴ്സിന് സർക്കാർ/സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതില്ല. സ്വാശ്രയ കോളേജുകളിൽ ബി.ഡി.എസ് കോഴ്സിന് അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളും രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതില്ല.
- ബി.ഡി.എസ് കോഴ്സിന് സർക്കാർ കോളേജിൽ പ്രവേശനം ലഭിച്ചവർ അധിക തുക രജിസ്ട്രേഷൻ ഫീസിനത്തിൽ അടയ്ക്കേണ്ടതാണ്.
- ആയൂർവേദ ഹോമിയോ, അഗ്രിക്കൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ് കോഴ്സുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസിനത്തിൽ മുഴുവൻ തുകയും അടയ്ക്കേണ്ടതാണ്.
- എം.ബി.ബി.എസ് കോഴ്സിന് പുതുതായി പ്രവേശനം ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/ മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി-ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ **20.06.2005** തീയതിയിലെ **GO(Ms) No. 25/2005/SCSTDD**, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും രജിസ്ട്രേഷൻ ഫീസിനത്തിൽ **1000/-** രൂപ അടയ്ക്കേണ്ടതാണ്. എന്നാൽ ഫീസാനുകൂല്യത്തിന് അർഹരായവർ എൻ.ആർ.ഐ/കമ്മ്യൂണിറ്റി സീറ്റിലേക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ **26,260/-** രൂപ അടയ്ക്കേണ്ടതാണ്.

- മുൻ അലോട്ട്മെന്റിലൂടെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിച്ച എസ്.സി./എസ്.റ്റി/ഒ.ഇ.സി ഫീസാനുകൂല്യത്തിന് അർഹരായിട്ടുള്ളവർ ഉൾപ്പെടെ ഈ ഘട്ടത്തിൽ രജിസ്ട്രേഷൻ ഫീസായ 1000/– രൂപ അടയ്ക്കേണ്ടതാണ്.

**ജില്ലാതല മോപ്പ്–അപ്പ് വെരിഫിക്കേഷന് ഹാജരാക്കേണ്ട രേഖകൾ**

മോപ്പ്–അപ്പ് വെരിഫിക്കേഷന് പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകളുമായി ഹാജരാകേണ്ടതാണ്.

1. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നോട്ടീസ്
2. നിശ്ചിത തുകയ്ക്കുള്ള ഫീസ് ഒടുക്കിയതിന്റെ രേഖ
3. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി ഏതെങ്കിലും കോഴ്സിലോ കോളേജിലോ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട കോളേജ് അധികാരിയിൽ നിന്നുള്ള 'പൊസഷൻ സർട്ടിഫിക്കറ്റ്', എൻ.ഒ.സി. എന്നിവയുടെ അസൽ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (പ്രോസ്പെക്ടസ് ക്ലോസ്.11.7.1) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസ് ഒടുക്കിയതിനുള്ള രേഖ എന്നിവയുമായി ഹാജരാകേണ്ടതാണ്.
4. കേരളത്തിലെ വിവിധ സർക്കാർ അംഗീകൃത ആർട്സ് & സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും എൻ.ഒ.സി, രേഖകളുടെ പൊസഷൻ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (പ്രോസ്പെക്ടസ് ക്ലോസ്.11.7.1) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസ് ഒടുക്കിയതിനുള്ള രേഖ എന്നിവയുമായി വെരിഫിക്കേഷന് പങ്കെടുക്കാവുന്നതാണ്.
5. മറ്റു വിദ്യാർത്ഥികൾക്ക് റ്റി.സി,അസൽ രേഖകൾ (അപ്‌ലോഡ് ചെയ്തവ, പ്രോസ്പെക്ടസ് ക്ലോസ്. 11.7.1) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസ് ഒടുക്കിയതിനുള്ള രേഖ എന്നിവയുമായി വെരിഫിക്കേഷന് പങ്കെടുക്കാവുന്നതാണ്.
6. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി/സി.ബി.എസ്.ഇ/സി.ഐ.എസ്.സി.ഇ ബോർഡിൽ നിന്നും പരീക്ഷ പാസ്സായവർ അല്ലെങ്കിൽ)
7. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
8. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
9. KEAM 2020 ഡാറ്റാ ഷീറ്റ്
10. KEAM 2020 പ്രോസ്പെക്ടസ് അനുബന്ധം XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്
11. എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എൻ.ആർ.ഐ ക്ലെയിം തെളിയിക്കുന്നതിനുള്ള രേഖകളുടെ അസ്സൽ.

**കുറിപ്പ്**

- മോപ് അപ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് (ബാധകമെങ്കിൽ) ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.
- 2020–21 അദ്ധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വാർഷിക ട്യൂഷൻ ഫീസ് 11.11.2020 ലെ G.O.(MS)No.218/2020/H&FWD ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. 13.11.2020 ലെ WP(c) No.24070,24219, 24725/2020 എന്നീ ഹർജികളിൽ ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വിവിധ സ്വാശ്രയ മെഡിക്കൽ കോളേജ് അധികൃതർ ആവശ്യപ്പെട്ടിരിക്കുന്ന പരമാവധി വാർഷിക ഫീസ് വെബ് സൈറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. (18.11.2020 ഈ ഓഫീസിലെ വിജ്ഞാപനപ്രകാരം) എന്നാൽ നിലവിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ G.O.(MS)No.218/2020/H&FWD എന്ന സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസ് മാത്രം അടച്ചാൽ മതിയാകും. ആയതിനൊപ്പം കോടതിയുടെ അന്തിമ വിധിക്കനുസൃതമായി ബഹു.കോടതിയോ/കോടതി നിർണ്ണയിക്കുന്ന അധികാര സ്ഥാപനമോ നിശ്ചയിക്കുന്ന വാർഷിക ഫീസ് ഈ ഘട്ടത്തിൽ അടയ്ക്കുന്ന ഫീസിനേക്കാൾ അധികമാകുന്ന പക്ഷം, അധിക തുക അടയ്ക്കാൻ ബാധ്യസ്ഥരാണെന്ന സമ്മതപത്രം (undertaking), പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിരിക്കുന്ന മാതൃകയിൽ ബന്ധപ്പെട്ട കോളേജധികാരിക്ക് നൽകേണ്ടതുമാണ്. ഈ ഘട്ടത്തിൽ അടയ്ക്കേണ്ട ഫീസ് സംബന്ധമായ വിവരങ്ങൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കും.

- എൻ.ആർ.ഐ സീറ്റിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പുതുതായി സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യാനും നിലവിൽ സർട്ടിഫിക്കറ്റുകളിൽ അപാകതകൾ ഉള്ളവർക്ക് അവ പരിഹരിക്കുന്നതിനും 10.12.2020 ലെ വിജ്ഞാപനപ്രകാരം അവസരം നൽകിയിരുന്നു. അത്തരം വിദ്യാർത്ഥികൾക്കും മോപ് അപ് കൗൺസിലിംഗിൽ എൻ.ആർ.ഐ സീറ്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ 14.12.2020 ന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുന്നവരെ മാത്രമേ എൻ.ആർ.ഐ സീറ്റിലേയ്ക്കുള്ള അലോട്ട്മെന്റിന് പരിഗണിക്കുകയുള്ളൂ.
- രണ്ടാം ഘട്ട അലോട്ട്മെന്റ്/അഡ്മിഷൻ പ്രക്രിയ പൂർത്തിയാകാത്തതിനാൽ വിദ്യാർത്ഥികൾക്ക് നിരുപാധികം ഓപ്ഷൻ നൽകുന്നതിന് അവസരം നൽകുന്നതാണ്. എന്നാൽ മോപ് അപ് മാർഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള ഓപ്ഷനുകൾ മാത്രമേ അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ.
- വിദ്യാർത്ഥി സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്ന കൃത്യസമയത്ത് വെരിഫിക്കേഷന് നേരിട്ട് ഹാജരാകേണ്ടതാണ്. കോവിഡ്–19 ന്റെ പ്രത്യേക സാഹചര്യത്തിൽ വിദ്യാർത്ഥിക്കൊപ്പം ഒരു രക്ഷകർത്താവിനെ മാത്രമേ അനുവദിക്കുകയുള്ളൂ. മോപ് അപ് വെരിഫിക്കേഷന് കോവിഡ് മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശന നടപടികൾ പൂർത്തിയാക്കാത്തവർക്ക് കീം 2020 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 വ്യവസ്ഥ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമാകുന്നതാണ്. വെരിഫിക്കേഷനായി തെരഞ്ഞെടുക്കുന്നവർ വെരിഫിക്കേഷനിൽ പങ്കെടുക്കാതിരിക്കുകയും പങ്കെടുത്തതിനുശേഷം ആവശ്യമുള്ള രേഖകൾ ഹാജരാക്കാതെയും വരികയാണെങ്കിൽ അവരുടെ ബന്ധപ്പെട്ട ഓപ്ഷനുകൾ റദ്ദാക്കപ്പെടുകയും ലിക്വിഡേറ്റഡ് ഡാമേജസ് പരിധിയിൽ ആവുകയും ചെയ്യുന്നതാണ്. ആയതിനാൽ വളരെയധികം ശ്രദ്ധയോടും ഗൗരവത്തോടും കൂടി വേണം മോപ് അപ് കൗൺസിലിംഗിന് പങ്കെടുക്കേണ്ടതും ഓപ്ഷൻ തിരഞ്ഞെടുക്കേണ്ടതും ഈ വ്യവസ്ഥകൾ ഫീസ് സൗജന്യം ഉള്ളവർക്കും ബാധകമാണ്. ഈ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസിനത്തിൽ അടച്ച തുക തിരികെ നൽകുന്നതല്ല.

ബി.ഡി.എസ് കോഴ്സിന് ഒഴിവ് വരുന്ന സീറ്റുകളിലേക്ക് ഓൺലൈൻ മോപ് അപ് നടത്തുന്നതായിരിക്കും. ഇത് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
12.12.2020